പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7993 24.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം ലഘൂകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി ബസ്സിൽ നിന്ന് കൊടുക്കുന്ന ടിക്കറ്റിന്റെ പിറകുവശത്ത് സ്ഥാപനങ്ങളുടെ പരസ്യം നൽകി, കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം ലഘൂകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം പരിമിതമായെങ്കിലും നികത്താൻ സാധിക്കുന്ന ഈ സംരംഭം ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇപ്പോൾ Electronic Ticketing Machine ആണ് ഉപയോഗിക്കുന്നത്. ഈ മെഷീനുകളിൽ ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് തെർമൽ പേപ്പറുകളാണ് ഉപയോഗിക്കുന്നത്.<br>2003 -ൽ ടിക്കറ്റിംഗ് മെഷീൻ ഉപയോഗം ആരംഭിച്ച സമയത്ത് കെ.ടി.ഡി.എഫ്.സി. അവരുടെ പരസ്യത്തോടുകൂടി 1.4 ലക്ഷം തെർമൽ പേപ്പർ റോളുകൾ സൗജന്യമായി നൽകുകയും പിന്നീട് പിൻവാങ്ങുകയും ചെയ്തു.<br>തെർമൽ പേപ്പർ റോളുകൾ പരസ്യത്തോടുകൂടി സൗജന്യമായി നൽകുന്നതിന് സ്വമേധയാ വാഗ്ദാനം ചെയ്ത രണ്ട് കമ്പനികൾക്ക് 2004, 2007 എന്നീ കാലഘട്ടങ്ങളിൽ ഓർഡർ നൽകിയിരുന്നുവെങ്കിലും പ്രസ്തുത കമ്പനികൾ ഒരു റോൾ പോലും വിതരണം ചെയ്യാതെ പിൻമാറുകയാണുണ്ടായത്.<br>ഇതിനുപരിയായി ടിക്കറ്റ് റോളിൽ പ്രിന്റ് ചെയ്യുന്നതിനുള്ള പരസ്യം നേരിട്ട് സ്വീകരിക്കാൻ 2003 - 2004 കാലഘട്ടത്തിൽ 3 പ്രാവശ്യം ടെണ്ടർ |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചിട്ടും പരസ്യം നൽകാൻ ഒരു സ്ഥാപനം പോലും മുന്നോട്ടു വന്നില്ല.<br>വീണ്ടും 2009 ലും, 2010 ലും പരസ്യം പ്രിന്റ് ചെയ്യാനുള്ള അവകാശത്തോടു കൂടിയും അല്ലാതെയും റോളുകൾ വിതരണം ചെയ്യുന്നതിനുള്ള നിരക്കുകൾ ദർഘാസുകൾ മുഖേന ക്ഷണിച്ചിരുന്നു. 2009 ൽ കേവലം 10 പൈസയുടെ വ്യത്യാസം മാത്രമാണ് പരസ്യത്തോടു കൂടിയ റോളുകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടത്. ഇത് ഒട്ടുംതന്നെ ആകർഷകമല്ലാതിരുന്നതിനാൽ സ്വീകരിച്ചില്ല. 2010 ൽ ഇപ്രകാരം വീണ്ടും ദർഘാസുകൾ ക്ഷണിച്ചെങ്കിലും പരസ്യത്തോടു കൂടിയ റോളുകൾ വിതരണം ചെയ്യാൻ ഒരു സ്ഥാപനവും മുന്നോട്ടു വന്നില്ല.<br>എന്നിരുന്നാലും ടിക്കറ്റുകളുടെ പിൻവശത്ത് പരസ്യം നല്കി ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ